

# ചിത്രശലഭങ്ങൾ: പറക്കുന്ന പൂവുകൾ

വി.സി. ബാലകൃഷ്ണൻ

നമുക്കു ചുറ്റുമായി ദശലക്ഷക്കണക്കിന് ജീവജാലങ്ങളുണ്ട്. ആകെയുള്ള എഴുപതു ലക്ഷത്തിലധികം ജന്തുക്കളിൽ മുക്കാൽ പങ്കിലധികവും പ്രാണിവർഗക്കാരുമാണ്. ജീവജാലങ്ങളുടെ വൈവിധ്യം ആരോഗ്യകരമായ ചുറ്റുപാടിനെ സൂചിപ്പിക്കുന്നതാണ്.

നമ്മുടെ പരിസ്ഥിതി – സ്വാഭാവികമായ ചുറ്റുപാട് – മലിനമാകുമ്പോൾ അതിനെക്കുറിച്ച് മുന്നറിയിപ്പ് നല്കുന്നതിൽ ചെറുജീവികൾക്ക് വലിയ പങ്കുണ്ട്. ഉദാഹരണത്തിന് നാം നമ്മുടെ കിണറുകളിൽ മത്സ്യങ്ങളെ വളർത്താറുണ്ട്. കിണറിലെ വെള്ളം വിഷമയമായാൽ അതേക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നല്കുന്നത് കിണറിലെ മത്സ്യങ്ങളാണ്. അതുപോലെ പരിസ്ഥിതി മലിനീകരണം സംഭവിക്കുമ്പോൾ (പ്രധാനമായും വ്യവസായശാലകളിൽനിന്നുള്ള മലിനീകരണവും കീടനാശിനി പ്രയോഗം കൊണ്ടുള്ള മലിനീകരണവും) അതേക്കുറിച്ച് നമുക്ക് സൂചന നല്കുന്നവയാണ് ശലഭങ്ങൾ.

പ്രാണി വർഗത്തിലുള്ള ജന്തുക്കളാണ് ഈ ഭൂമിയിൽ ഏറിയ പങ്കുമെന്ന് പറഞ്ഞല്ലോ. അതിൽ വണ്ടുകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് ശലഭങ്ങളാണ്. ശലഭങ്ങൾ തന്നെ നിശാശലഭങ്ങളെന്നും ചിത്രശലഭങ്ങളെന്നും രണ്ടു തരമുണ്ട്. രാത്രി പുറത്തിറങ്ങുന്ന ശലഭങ്ങളെ പൊതുവേ നിശാശലഭങ്ങളെന്നും പകൽ സമയത്ത് പറന്നു നടക്കുന്നവയെ ചിത്രശലഭങ്ങളെന്നും വിളിക്കുന്നു.

ലോകത്തിലൊട്ടാകെ ഒന്നര ലക്ഷത്തിലധികം ശലഭജാതിക്കാരുണ്ട്. അവയിൽ ഏതാണ്ട് ഇരുപതിനായിരം ജാതിക്കാർ ചിത്രശലഭങ്ങളാണ്. ഇന്ത്യയിലാകട്ടെ ആയിരത്തി അഞ്ഞൂറിലധികം ജാതി ചിത്രശലഭങ്ങളെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ (പശ്ചിമഘട്ട മേഖലയിൽ) 350ഓളം ജാതിക്കാരാണുള്ളത്. കാട്ടിൽ കാണപ്പെടുന്ന മിക്ക ജാതിക്കാരെയും നാട്ടിൻപുറത്തും കാണാറുണ്ട്.

പറക്കുന്ന പൂക്കളെന്നു വിശേഷിക്കാറുള്ള ചിത്രശലഭങ്ങളെ നിത്യേന നാം കാണാറുണ്ടെങ്കിലും അവയ്ക്കോരോന്നിനും ഓരോ പേരുണ്ടെന്നും അതിന്റെ വംശം നിലനിർത്താൻ ഓരോതരം ചെടികളെയുമാണ് ആശ്രയിക്കുന്നതെന്നും അറിയുന്നവർ ചുരുങ്ങും.

ചെടികളിൽ പരാഗണം നടത്തുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് ശലഭങ്ങളാണ്. പരാഗണ നിർവഹണത്തിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്നത് തേനീച്ചകളാണെങ്കിലും രണ്ടാം സ്ഥാനം ശലഭങ്ങൾക്കാണ്. രാത്രിയിൽ വിരിയുന്ന പൂക്കളിൽ പരാഗണത്തിന് സഹായിക്കുന്നത് പ്രധാനമായും ശലഭങ്ങൾ തന്നെയാണ്. അതിനാൽ കാർഷിക വിളകളുടെ ഉത്പാദനത്തിൽ വളരെ വലിയ പങ്കാണ് ശലഭങ്ങൾക്കുള്ളത്. ശലഭങ്ങളില്ലെങ്കിൽ കൃഷി അസാധ്യമാണെന്നു തന്നെ പറയാം.

ചുറ്റുപാടിനെ അറിയാനുള്ള അക്ഷരമാലയിലെ ആദ്യാക്ഷരങ്ങളായി കണക്കാക്കാവുന്ന ഒരു വിനോദ പ്രവർത്തനമാണ് ശലഭ നിരീക്ഷണം.

പ്രപഞ്ചത്തിന്റെ വർണപ്പകിട്ട് മുഴുവനും ചിറകുകളിലാവാഹിച്ച് തെന്നിപ്പാറി നടക്കുന്ന ചിത്രശലഭങ്ങളെ നിരീക്ഷിച്ചറിയുക ഏറെ കൗതുകമുണ്ടാക്കുന്നതും ഹരം പകരുന്നതുമാണ്.

ഇനി നമുക്ക് സാധാരണ കാണാറുള്ള ചില ചിത്രശലഭങ്ങളെ പരിചയപ്പെടാം.

(ബാക്കി അടുത്ത ലക്കത്തിൽ)